# BUTTERFLIES





## G.H.S.THOLPETTY



# ഉള്ളടക്കം

ആശംസ .......................................ഹെഡ് മാസ്റ്റർ

മനുഷ്യ വർഗ്ഗം മാറ്റുന്ന പ്രകൃതി .....................കവിത

പ്രണയം ............................കവിത

കിടാത്തന്റെ കോടതി .........................കവിത

കാർമേഘം............................കവിത

നന്മയുടെ വിജയം ......................കഥ

# സന്ദേശം

അനുദിനം വളർന്നു വികസിക്കുന്ന അറിവിന്റെ ആകാശത്തെ കൈപ്പിടിയിൽ ഒതുക്കാനും ചൂണ്ടു വിരൽ കൊണ്ട് തൊട്ടറിയാനും കഴിയുന്ന വിസ്മയകരമായ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വിദ്യാർത്ഥികൾക്ക് ഇത്തരത്തിലുള്ള വിവര സാങ്കേതിക വിദ്യയുടെ ലോകത്തിലേക്കുള്ള ഒരു ചെറു താക്കോലാണു little kites എന്ന സംരംഭം .തോൽപ്പെട്ടി ഗവണ്മെന്റ് ഹൈസ്കൂളിലെ little kites അണിയിച്ചൊരുക്കുന്ന digital മാഗസിന് എല്ലാവിധആശംസകളും നേരുന്നു

രമേശ് ബാബു
ഹെഡ്മാസ്റ്റർ

## മനുഷ്യ വർഗം മാറ്റുന്ന പ്രകൃതി

മനുഷ്യ വേരുകൾ എല്ലാം പ്രകൃതിയാം
അമ്മയിലാണ്
ഭോഗങ്ങളെല്ലാം  മനുഷ്യവർഗം
കയ്യടക്കി പ്രകൃതിയിൽ
എവിടെ തിരിഞ്ഞാലും കൂറ്റൻ കെട്ടിടങ്ങൾ
പ്രകൃതിയെ നശിപ്പിച്ചു
മനുഷ്യവർഗം ഭോഗങ്ങൾ നേടി
ആ കാലം ഇനിയില്ല
ഒരു നാളും ഉണ്ടാവുകയുമില്ല
പച്ചപ്പണിഞ്ഞു നിൽക്കുന്ന
സുന്ദരമാം പ്രകൃതി ഇന്ന് എവിടെ പോയി ?
സ്വാർത്ഥനാം മനുഷ്യൻ
പച്ചപ്പിനെയെല്ലാം കൊന്നൊടുക്കി
പ്രകൃതിയെ  നശിപ്പിച്ച മനുഷ്യർക്കു
ഇന്ന് ദൈവം തിരിച്ചടിച്ചില്ലയോ
മഹാ പ്രളയം വിതച്ചില്ലയോ
മരങ്ങളും പൂക്കളും ചെടികളുമെല്ലാം
ഇന്ന് എവിടെപ്പോയി ?
മനുഷ്യന്റെ വേരുകൾ എല്ലാം
അറ്റുപോയി
മനുഷ്യർക്കു ഇന്ന് എന്തുപറ്റി ?
ഇന്ന് എവിടെ നോക്കിയാലും ക്ഷാമം !
പ്രകൃതിയാകുന്ന അമ്മയിൽ നിന്ന്
എല്ലാം മനുഷ്യൻ കയ്യടക്കി
പ്രകൃതിയാകുന്ന 'അമ്മ ഇന്ന് എവിടെപ്പോയി ?
നമുക്കു മുന്നേറാം
പഴയ കാല പ്രകൃതിയെ വാർത്തെടുക്കാം



**പ്രണയം**

ഒരിക്കലും കാണാത്ത
കുയിലിന്റെ പാട്ടിനാൽ
കുയിലിനെ സ്നേഹിച്ച
കുഞ്ഞിനെ പോലെയെൻ പ്രണയം
ഒരിക്കലും കാണാത്ത
പൂവിന്റെ സുഗന്ധത്താൽ
പൂവിനെ സ്നേഹിച്ച
കുട്ടിയെ പോലെയെൻ പ്രണയം
ഒരിക്കലും കാണാത്ത
തെന്നലിൻ കുളിർമയായി
കാറ്റിനെ സ്നേഹിച്ച
കുട്ടിയെ പോലെയെൻ പ്രണയം
പ്രിയം കൊണ്ട് മാത്രം പ്രിയങ്കരമായൊരു
പ്രണയമാനിനെന്റെ പ്രണയം

Shadiya.C.A
1X-B

## കിടാത്തന്റെ കോടതി

കരുതലായി തുയിലുണർത്തേണ്ട ,

കോടതിക്കൂടുകൾ

കരിമ്പുകചീറ്റിക്കിതയ്ക്കുന്ന

കരിന്തിരിക്കുണങ്ങൾ

ആശയക്കത്തും കിടാത്തിന്നിവിടെ

അന്ത്യചുംബനത്തിന്റെ വിധിമുറിപ്പാടുകൾ

കാടത്തമെന്ന പേരിട്ടു പിന്നെയും

കടവിലേക്കയത്തിലാ 'കാവിലമ്മ

പേക്കിനാവുകൾ മൂളുന്ന

കൂമന്റെ സങ്കടം

പാണന്റെ പാട്ടായി

പണക്കിഴിമേലും ചതിക്കുഴി പിന്നെയും

കിടാത്തന്റെ കോടതി കോടികൾ

ശിക്ഷകൾ പലതാണ്

തെറ്റുകൾ ഒന്നാണ്

ചിന്തതൻ കൗശലം

ചിന്നം വിളിക്കുന്ന

ചീന്തിയ ചിന്തുകൾ

അടിമയാക്കാനായി അടുക്കുന്ന .......

മായയല്ലോ ജീവിതം

വഴുതി വീഴുന്ന നീതി ബോധത്തിന്റെ

വെള്ളപൂശിയ കറുത്ത ഗൗണുകൾ

ചിലയ്ക്കുന്ന ഗൗളി പോൽ

വിധിതുപ്പി ഒറ്റുന്ന കിടാത്തന്റെ

കോടതി

നീറുന്ന കക്കയിൽ

എരിയുന്ന മണമായി

മുഴങ്ങുന്ന ശംഖൊലി

കിടാത്തന്റെ നെഞ്ചൊലി

ഉരുവിട്ട നേരിന്റെ

ഉയിരുറ്റ ചാറ്റോളി

കിടാത്തനായി കിടാത്തന്റെ കോടതി

കത്തിപ്പടരട്ടെ

കാലത്തിനൊപ്പം

കടിഞ്ഞാണിട്ടു പൂട്ടട്ടെ

പൂട്ടിയ പാടത്തിന്റെ

നേരാം നെന്മണിക്കുനകൾ

ഇന്ത്യയാം മക്കളൊരമ്മതൻ മക്കൾക്കു

മംഗളം മുഴക്കട്ടെ കിടാത്തന്റെ

ഉയിരുറ്റ ചാറ്റൊലി ...............

**Sanil Kumar c**



Akshanya
IX A

## കാർമേഘം

മനം പോലെ മാനവും

ഇരുളുന്നു വീണ്ടും ................

പെയ്തൊഴിയുന്നില്ല

ഒരുതുള്ളിപോലും

ഘന മേറെയാണതാനും ..........

ആർത്തലച്ചു പെയ്യണം

ലഘുവായി വീണ്ടും

വാനിലേക്കുണർന്നുയരാൻ

ഈ ചക്രമിതുപോൽ

തുടരുവാൻ ..................

**Adirsha c**
**9A**

# നന്മയുടെ വിജയം

കാട്ടിൽ  ജല തടാകം വറ്റിവരണ്ടു .മൃഗങ്ങളെല്ലാം ദുഖിതരാണ് .
അങ്ങനെയിരിക്കെ ഒരു ദിവസം കാട്ടിലെ രാജാവായ ജാലൻ സിംഹം എല്ലാരേയും വിളിച്ചു വരുത്തി .”ഒരു വലിയ കാര്യം പറയാൻ വേണ്ടിയാണ് ഇന്ന് ഞാൻ നിങ്ങളെ വിളിച്ചു വരുത്തിയത് ."
എല്ലാവരും ശ്രദ്ധിച്ചിരുന്നു ."കാര്യം എല്ലാവര്ക്കും മനസ്സിലായി കാണുമെന്ന് കരുതുന്നു .അതിനെ കുറിച്ച് പറയാൻ വേണ്ടി ഞാൻ ജിബ്രു കുറുക്കനെ ക്ഷണിക്കുന്നു ."
ജിബ്രു പറഞ്ഞു തുടങ്ങി ."നമ്മൾ ഈ കാടിന്റെ മക്കളാണ് .ഈ കാടിനെ രക്ഷിക്കുക നമ്മുടെ കടമയാണ് .ഇങ്ങനെ പോയാൽ കാടിന്റെയും നമ്മുടെയും ജീവൻ അപകടത്തിലാകും .അതുകൊണ്ട് ഇന്ന് തന്നെ ഒരു തീരുമാനമെടുക്കണം ."
പലരും പല അഭിപ്രായങ്ങൾ പറഞ്ഞു .അതൊന്നും കാട്ടിലെ പുരോഹിതനായ വീരപ്പൻ കരടിക്ക് പിടിച്ചില്ല .ഒടുവിൽ മിട്ടു കുരങ്ങൻ പറഞ്ഞ അഭിപ്രായം വീരപ്പൻ കരടിക്ക് ഇഷ്ട്ടമായി .തൊട്ടടുത്തുള്ള ചാരു സിംഹത്തിന്റെ ഗ്രാമത്തിലേക്കു പോയി നോക്കാം എന്നായിരുന്നു മിട്ടു കുരങ്ങൻ പറഞ്ഞത് .അങ്ങനെ പിറ്റേ ദിവസം രാവിലെ ജിബ്രു കുറുക്കനും വീരപ്പൻ കരടിയും മിട്ടു കുരങ്ങനും അടുത്ത ഗ്രാമത്തിലേക്കു യാത്ര തിരിച്ചു .അവിടെയെത്തി ചാരു സിംഹത്തെ കണ്ടു കാര്യങ്ങളെല്ലാം സംസാരിച്ചു .ഇവിടുത്തെ ഗ്രാമത്തിൽ നിന്ഞങ്ങളുടെ ഗ്രാമത്തിലേക്ക് ഒരു അരുവി കീറട്ടെയെന്നായിരുന്നു അവർ ചോദിച്ചത് .പക്ഷെ ചാരു സിംഹം അത് സമ്മതിച്ചില്ല .അവർ കാലു പിടിച്ചു പറഞ്ഞപ്പോൾ അമ്പതു ബക്കറ്റു വെള്ളം തരാമെന്നു ചാരു സിംഹം സമ്മതിച്ചു .
അങ്ങനെ അവർ വെള്ളവുമായി പോകുമ്പോൾ വഴിയിൽ ഒരു കൂട്ടം ആളുകൾ കരയുന്നത് കണ്ടു .T അവർ കാര്യം തിരക്കി .അതിൽ ഒരാൾ പറഞ്ഞു "ഞങ്ങളുടെ നാട്ടിൽ വെള്ളമില്ല .ഞങ്ങൾ ചാകാറായി ".ഇതു കേട്ടപ്പോൾ അവർക്കു സങ്കടമായി .അവർ കയ്യിലുണ്ടായിരുന്ന വെള്ളം ആ മനുഷ്യർക്കു കൊടുത്തു .സന്തോഷത്തോടെ വെള്ളം കുടിച്ചു അവർ പിരിഞ്ഞു പോയി .
അങ്ങനെ മൂവരും സ്വന്തം ഗ്രാമത്തിൽ എത്തി .രാജാവ് അവരോട് വെള്ളം കിട്ടിയില്ലേ എന്ന് ചോദിച്ചു .അപ്പോൾ അവർ നടന്നതെല്ലാം പറഞ്ഞു .
പെട്ടെന്ന് ഒരു ഇടി പൊട്ടുന്ന ശബ്ദം കേട്ടു .വൈകാതെ അവിടെ നല്ല മഴ പെയ്യാൻ തുടങ്ങി .
അവർക്കു സന്തോഷമായി .അവർ നൃത്തം ചെയ്തു .അപ്പോൾ എല്ലാരും പറഞ്ഞു .നമ്മൾ ചെയ്ത ഉപകാരത്തിനു പകരമായി ദൈവം തന്ന പ്രതിഫലമാണിത് .ഇതാണ് നന്മയുടെ വിജയം .

ഗുണപാഠം :മറ്റുള്ളവർക്കു നന്മ ചെയ്താൽ നമുക്കു അതിനുള്ള പ്രതിഫലം ലഭിക്കും .

**Archana Suresh**

**9 A**